# പ്രതികരണങ്ങൾ — 12



**പ്രതികരണങ്ങൾ — 12**
**വായനക്കാർ**
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Ondine (a water nymph), a painting by John William Waterhouse (1849–1917). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## വി. ആർ. സന്തോഷ്: മലയാളി സിനിമ കണ്ടതു് എന്തിന്?

**കെ. എച്ച്. ഹുസൈൻ:** ശരിയാണ്.

പണ്ട് എളുപ്പമായിരുന്നു—കച്ചവട സിനിമ, മദ്ധ്യവർത്തി സിനിമ, ആർട്ട് സിനിമ... ഇന്ന് എല്ലാം ന്യൂജെന്നിൽ വാരിക്കൂട്ടിയിട്ടിരിക്കുന്നു. വേർതിരിക്കാൻ പുതിയ നാമകരണങ്ങൾ വേണ്ടിയിരിക്കുന്നു. ഏതെങ്കിലും കള്ളികളിലൊതുക്കാനല്ല. പഠനങ്ങളും നിരൂപണങ്ങളും അപ്പൊഴേ ജീവൻ വെക്കൂ. ഇപ്പോഴത്തെ ഒഴുക്കൻ മട്ടിലുള്ള സോഷ്യൽ മീഡിയകളിലെ ആസ്വാദനങ്ങൾ നമ്മുടെ ചലച്ചിത്രത്തിന്റെ മുന്നോട്ടുള്ള പോക്കിന് ഒരു ഗുണവും ചെയ്യില്ല. പുതിയ പ്രവണതകളെ കണ്ടെത്താനും വിലയിരുത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള ചലച്ചിത്ര നിരൂപണങ്ങൾ ഇന്ന് കുറഞ്ഞുപോയിരിക്കുന്നു. ഞാനുള്ളതപ്പെട്ടിട്ടുണ്ട്, 'പ്രേമം' വെറുമൊരു തട്ടുപൊളിപ്പൻ സിനിമയായി മാത്രം വിശേഷിപ്പിക്കപ്പെട്ട സാഹചര്യത്തെപ്പറ്റി. കാലം എന്നൊരു ഘടകം ഇത്രക്ക് അനായാസമായി കുഴച്ച് മറിക്കുകയും ഒപ്പം മികച്ച നൈരന്തര്യം നിലനിർത്തുകയും ചെയ്ത ആഖ്യാനം 'ഡാനി'ക്കുശേഷം മലയാളത്തിൽ സംഭവിച്ചിട്ടില്ല. അത് ചലച്ചിത്രപ്രവർത്തകർക്ക് നല്കുന്ന സ്വാതന്ത്ര്യം ഗൗരവമായി പഠിക്കപ്പെടേണ്ടതാണ്... അങ്ങനെ പലതും.

'അണ്ടർഗ്രൗണ്ട്' എന്ന വിശേഷണം 'ന്യൂജെന്നി'ൽ നിന്നും വ്യത്യസ്തം എന്ന പറയാൻ പ്രയോഗിച്ചതാണ്. യോനാസ് മേകാസ് ചരിത്രവൽക്കരിച്ച അണ്ടർഗ്രൗണ്ടൊന്നുമല്ലതു്!

എന്തായാലും ന്യൂജെന്നിനെ സമൂലമായി പൊളിച്ചടുക്കേണ്ടിയിരിക്കുന്നു. സാമാന്യമായെങ്കിലും വേർതിരിവുകൾ നിർവ്വചിക്കേണ്ടിയിരിക്കുന്നു, ദാമോദർ പ്രസാദിനൊന്നു ശ്രമിച്ചു നോക്കാവുന്നതാണ്.

ന്യൂജെൻ കുട്ടികൾ ഇതിനെയത്ര ഗൗരവമായെടുക്കാൻ വഴിയില്ല. മറ്റൊരു മിമിക്രിക്കുള്ള വകയായതു മാറിയേക്കാം. എങ്കിലും സാരമില്ല.

—ഹു

**പി. കെ. ഗണേശൻ:** ന്യൂജെൻ എന്ന സംജ്ഞ ഈ സംവിധായകരുടെ തലയിൽ ചാർത്തിയ മുൾകിരീടമാണ്. അവർ സ്വയമണിഞ്ഞതല്ല. പ്രിയദർശൻ തലമുറയ്ക്ക് ശേഷമുള്ള സിനിമാകാലഘട്ടം അടയാളപ്പെടുത്തുന്ന ഒരു ഭാഷാപ്രയോഗം ഇല്ലാതെ പോയി. ഏതെങ്കിലും സ്കൂൾ ഓഫ് തോട്ടിന്റെ ഭാഗമായിരുന്നില്ല പുതിയ ചെറുപ്പക്കാരുടെ വരവ്. അതുകൊണ്ടുതന്നെ മലയാളസിനിമയിൽ അതുവരെ നിലനിന്നിരുന്ന തൊഴിൽപരമായതോ കലാപരമായതോ ആയ ബ്രാഹ്മണ്യം അവരിൽ പലരിലും ഇല്ല. പുതിയ ഭാവുകത്വം അവകാശപ്പെടുന്നില്ല. എങ്കിലും നാം തമസ്കരിക്കുന്നതോ അശ്രദ്ധമായി കൈകാര്യം ചെയ്യുന്നതോ ആയ വിഷയങ്ങൾ വളരെ ഡിറ്റെയിലിങ്ങോടെ അവതരിപ്പിക്കാൻ പുതിയ ചെറുപ്പക്കാർക്ക് സാധിച്ചു. ഇപ്പോൾ ആ ട്രൻഡ് ഒരു സ്റ്റാഗ്നേഷൻ അവസ്ഥയിലാണെങ്കിലും...

## ഉണ്ണി ആർ: മലയാളി മെമ്മോറിയൽ

**വിഷ്ണു പ്രിയ:** 'മലയാളി മെമ്മൊറിയൽ' പേരിൽ തന്നെ ചരിത്രത്തെ അടയാളപ്പെടുത്തിയിരിക്കുന്ന കഥയാണിത്. ചരിത്രവസ്തുതകളേയും, ഭൂതകാലാനുഭവങ്ങളേയും തന്മയത്വത്തോടെ കഥാകാരൻ അവതരിപ്പിക്കുന്നു. പേരെന്നത് ഒരു തിരിച്ചറിയലാണ്, മറ്റൊന്നിൽ നിന്ന് നമ്മളെ വ്യത്യസ്തമാക്കുന്നയൊന്നു കൂടിയാണത്. അത്തരം ചില പുതിയ തിരിച്ചറിയലിന്റെ വായനാനുഭവം സഹൃദയനു സമ്മാനിക്കുവാൻ കഥാകാരനു കഴിയുന്നു. ഇവിടെ പേരുകൾ തന്നെയാണ് കഥ പറയുന്നത്.

കോട്ടയത്തിന്റെ പ്രത്യേകിച്ച് കുടമാളൂരിന്റെ നാട്ടുവഴികളിലൂടെയിറങ്ങി നടക്കുന്നവരായ ഉണ്ണിയുടെ കഥാപാത്രങ്ങൾക്ക് ചില സവിശേഷതകളുണ്ട്. നാട്ടിൻപുറങ്ങളിൽ സംഭവിക്കുന്ന ചില നിസ്സാര സംഭവങ്ങളുടെ പുതുമയാർന്ന അവതരണം കൂടിയാണ് ഉണ്ണി ആറിന്റെ കഥകൾ. തനതായ ആഖ്യാനശൈലിയിലൂടെ കഥാകാരൻ പറഞ്ഞു പോകുന്നു. ഒരു വ്യക്തിയ്ക്ക് രേഖകളിലെ പേര് കൂടാതെ മറ്റൊരു പേര് കൂടിയുണ്ടാകുന്നത് സ്വാഭാവികം. പിന്നീട് യഥാർത്ഥ പേര് ആരും ഓർക്കണമെന്നുമില്ല. പക്ഷേ അത്തരം ഇരട്ടപേരുകളിൽ പോലും ജാതിയുണ്ടെന്ന തിരിച്ചറിവ് സമൂഹത്തിന്റെ ജീർണ്ണാവസ്ഥയെയാണ് ചൂണ്ടി കാണിക്കുന്നത്.

ആധുനികനായി സ്വയം വേഷം കെട്ടുമ്പോഴും പാരമ്പര്യ ജാതിബോധങ്ങളെ ഒരാഭരണമായി അണിയുന്ന യുവതലമുറയുടെ പ്രതിനിധിയാണ് കഥയിലെ നായകൻ. ഓരോ വായനക്കാരന്റെയും ഉള്ളിലേക്ക് ചൂഴ്ന്നിറങ്ങുന്ന കഥയാണിത്. മികച്ച വായനാനുഭവം.

## വായനക്കാർ: പ്രതികരണങ്ങൾ

**Ashraf:** A different and elegant cover selection for reader's responses...

## കരുണാകരൻ: വെള്ളപ്പൊക്കത്തിൽ

**ജയചന്ദ്രൻ:** 'വെള്ളപ്പൊക്കത്തിൽ' ടൈറ്റിൽ കലിഗ്രഫി ലളിതം, ഗംഭീരം.

**പി. പി. രാമചന്ദ്രൻ** കരുണാകരന്റെ നാടകം മുമ്പ് വായിച്ചതാണ്. അപ്പൊഴേ ഉള്ളിൽ തട്ടിയതാണ് ഈ മികച്ച രചന. വീണ്ടും വായിച്ചപ്പോൾ കൂടുതൽ ഹൃദ്യമായി തോന്നി. സന്തോഷം.

**ബഷീർ അബ്ദുൾ:** അസാമാന്യമായ ഉൾക്കാഴ്ചയുള്ള മികച്ച രചന. നന്ദി.

**കെ. സച്ചിദാനന്ദൻ:** മുമ്പു വായിച്ചിട്ടും നാടകം പുതിയതു തന്നെയായിരിക്കുന്നു—കരുണാകരന്റെ കഥകളും കവിതകളും പോലെ തന്നെ എന്നും പുതിയത്.

**കെ. വി. ഷനീപ്:** വെള്ളപൊക്കത്തിൽ...
കാലിക പ്രസക്തമായ ലഘു നാടകം...
നല്ല വായനാനുഭവം.

## സി. സന്തോഷ് കുമാർ: ദല്ലാൾ

**കെ. സച്ചിദാനന്ദൻ:** സന്തോഷ് കുമാറിന്റെ കഥയ്ക്ക് സുഖമുള്ള ഒരു ഭൂതകാല സൗരഭമുണ്ട്. ആഖ്യാന ചാതുരിയും നാടകീയതയും കാലമിശ്രണവും ചില വാക്യങ്ങളുടെ കവിത്വവും ശ്രദ്ധിച്ചു.

**ലിസി മാത്യു:** നല്ല കഥ, ദല്ലാൾ ആവശ്യക്കാരനെ കണ്ടെത്തുന്നതുപോലെ വായനക്കാരന്റെ മർമ്മം കണ്ടറിയാൻ സന്തോഷിനു കഴിഞ്ഞിട്ടുണ്ട്.

പാമ്പിനെക്കൊണ്ട് പെണ്ണിനെ കടിപ്പിക്കുന്ന വിദ്യയിൽ ഞെട്ടിയിരിക്കുന്ന മലയാളികൾ മുൻപിൽ, പെണ്ണിനെ പട്ടിയെക്കൊണ്ട് കടിപ്പിക്കുന്ന പ്രണയ വിദ്യ സരസമായി പറഞ്ഞിരിക്കുന്നു.

**Ravindranathan:** Enjoyed reading short story by Santhosh kumar.

**രാജഗോപാൽ:** സന്തോഷ് കുമാറിന്റെ പറച്ചിൽ രീതി മനോഹരം.

**സി. സന്തോഷ് കുമാർ:** കഥ വായിച്ചതിനും അഭിപ്രായം പങ്കു വെച്ചതിനും സർവ്വശ്രീ സച്ചിദാനന്ദൻ മാഷ്, ലിസ്സി ടീച്ചർ, രവീന്ദ്രനാഥൻ, രാജഗോപാൽ എന്നിവർക്കു നന്ദി.

കഥ തിരിച്ചറിയപ്പെട്ടതിലുള്ള സന്തോഷവും അഭിപ്രായങ്ങൾ നല്കുന്ന പ്രചോദനവും വളരെ വലുതാണെന്നു കൂടി അറിയിക്കട്ടെ.

**ഹർഷിത:** ദല്ലാൾ.

ഗ്രാമത്തിന്റെ നനുത്ത ഓർമ്മകൾ, ജോലി സംബന്ധമായ നഗരവാസം, ആടിത്തീർത്ത ദാമ്പത്യം... പലരും ജീവിച്ചു തീർത്ത ഉണ്ണി എന്ന വേഷം, ഇന്ന് ജീവിച്ചു കൊണ്ടേയിരിക്കുന്നവർ... ഇവയ്ക്കെല്ലാമുപരി വികാരങ്ങളെ കച്ചവടതന്ത്രമാക്കി മാറ്റുന്ന ദല്ലാൾ. നല്ല കഥ.

## നിസാർ അഹമ്മദ്: മാനുഷികപ്രശ്നങ്ങളുടെ തിരിച്ചറിവ്

**ശരൺ ചന്ദ്രൻ:** നിസ്സാർ അഹമ്മദിന്റെ ലേഖനം ചിന്തിപ്പിച്ചു. പ്രത്യേകിച്ച് തൊഴിലാളിയുടെ സ്വത്വത്തേയും നിർവ്വചനത്തേയും പറ്റിയുള്ള കാഴ്ചപ്പാട്. അങ്ങനെ ചിന്തിക്കുമ്പോൾ നിലനിൽക്കുന്ന സാമൂഹിക സാമ്പത്തിക വ്യവസ്ഥയിൽ നിന്നുകൊണ്ട് തൊഴിലാളിയേയും അവന്റെ പ്രശ്നങ്ങളേയും നിർവ്വചിച്ചെടുക്കാൻ കഴിയേണ്ടതുണ്ട്. മാറിയ സാഹചര്യത്തിന്റെ വിപുലവും വ്യത്യസ്തങ്ങളുമായ തൊഴിലാളി ഇടങ്ങളിൽ നിന്നുകൊണ്ടുവേണം അതു സാധിക്കാൻ. വിപ്ലവകാരികളും സാമൂഹിക സാമ്പത്തിക വിമർശകരും ബുദ്ധിജീവികളും അവർ അറിയാതെതന്നെ ചൂഷണ മുതലാളിത്ത വ്യവസ്ഥകൾക്ക് കീഴ്പ്പെട്ട് പോകുന്നതും അതിന്റെ പ്രത്യാഘാതങ്ങളും പ്രസക്തമാണ്. മനുഷ്യന്റെ ആവശ്യങ്ങളേയും അനാവശ്യങ്ങളേയും കൂടി ഇവിടെ ചർച്ച ചെയ്യേണ്ടതുണ്ട്. നമ്മുടെ പല സൗകര്യവസ്തുക്കളും എത്തരത്തിലാണ് ചൂഷണ വസ്തുവായി നിലനിൽക്കുന്നതെന്നതും അതിലേക്ക് എങ്ങനെയാണ് നാം ഓരോത്തരും യാന്ത്രികമായി വീണുപോകുന്നതെന്നും തിരിച്ചറിയാത്തതാണ് പ്രശ്നം. മുതലാളിത്ത ഉല്പന്നങ്ങൾ പലതും അനാവശ്യ ഉല്പന്നങ്ങളാണെന്നും അവയുടെ നിർമ്മാണ പ്രവർത്തനത്തിലേർപ്പെടേണ്ടി വരുന്നതോടെ തൊഴിലാളിയുടെ കർതൃത്വത്തെ തന്നെ അവ എങ്ങനെ നിർണയിക്കുന്നുവെന്നതും പ്രസക്തം. മുതലാളിത്ത ചൂഷണ വ്യവസ്ഥിതികൾക്കെതിരെ പ്രതികരിക്കുകയും ചിന്തിക്കുകയും ചെയ്യുന്നവർക്കു പോലും തങ്ങളുടെ ആശയവിനിമയ പ്രചരണത്തിനും പ്രക്രിയയ്ക്കും മുതലാളിത്ത മാധ്യമങ്ങളേയും ഉല്പന്നങ്ങളേയും ഉപയോഗിക്കേണ്ടിവരുന്ന സങ്കീർണത നിലനിൽക്കുന്നു. മുതലാളി, തൊഴിലാളി, വ്യവസ്ഥിതി എന്നിവയുടെ പുതിയകാല നിർവ്വചനങ്ങളുടെ സാധ്യത അന്വേഷിക്കേണ്ടിയിരിക്കുന്നു. ഒപ്പം ഒരു മനുഷ്യസ്നേഹി എന്നതിനെപ്പറ്റിയുള്ള സ്വയം വിലയിരുത്തലിനെപ്പറ്റിയും...

**Manoj:** Article with full of insight.

## ഇ. ഹരികുമാർ: പ്രാകൃതനായ തോട്ടക്കാരൻ

**ദാമോദർ പ്രസാദ്:** ടോൾസ്റ്റോയൻ അന്യാപദേശ സ്വഭാവമുള്ള കഥകളെ ഓർമ്മിപ്പിക്കുന്ന ഇ. ഹരികുമാറിന്റെ പ്രാകൃതനായ തോട്ടക്കാരൻ എന്ന ചെറുകഥ. പ്രഭുവും തോട്ടക്കാരനും രണ്ട് വിരുദ്ധ ശക്തികളല്ല. ഭൂപ്രകൃതിയെക്കുറിച്ച് രണ്ടുതരം കാഴ്ചപാടുകളുള്ളവരാണെന്ന് മാത്രം.

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റു ചർച്ചകൾ:

**ഋഷി:** കോഴിക്കോട്ട് ദർശന ഗ്രന്ഥശാലയിലെ വിദ്യാർത്ഥി അംഗങ്ങൾ "ഐതിഹ്യമാല"യിലെ ഓരോ കഥയും പ്രത്യേകം ഫോൺപതിപ്പായി ആവശ്യപ്പെട്ടതനുസരിച്ച് നിർമ്മിച്ച 126 പിഡിഎഫുകളുടെ കണ്ണികൾ

http://www.sayahna.org/?page_id=5

എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ഈ കണ്ണികളുടെ പട്ടിക ഒരു ഫോൺ പിഡിഎഫ് ആയും ലഭ്യമാണ്.

http://books.sayahna.org/aim/aim-links.pdf

കെ ദാമോദരന്റെ സമ്പൂർണ്ണകൃതികളുടെ ഡിജിറ്റൽ പതിപ്പുകൾ സ്വതന്ത്രപ്രകാശനം ചെയ്യുവാൻ അതിന്റെ പ്രസാധകരായ പ്രഭാതം പ്രിന്റിങ് അന്റ് പബ്ലിഷിങ് കമ്പനി തീരുമാനിച്ച കാര്യം വായനക്കാർ ഓർക്കുന്നുണ്ടാവുമല്ലോ. അതിന്റെ ഭാഗമായി ഒന്നാം വാല്യത്തിന്റെ ആദ്യ തെറ്റുതിരുത്തൽ പകർപ്പുകൾ വിവിധ പിഡിഎഫ് രൂപങ്ങളിൽ ഇപ്പോൾ പുറത്തിറക്കുകയാണ്. ഒന്നാം ഭാഗം മുഴുവനുമായി ഒറ്റ പിഡിഎഫ് ആയും ഓരോ അദ്ധ്യായങ്ങൾ വീതമുള്ള ഫോൺ പതിപ്പുകളായും

http://www.sayahna.org/?page_id=115

ഈ വെബ് സൈറ്റിൽ ലഭ്യമാണ്. വായനക്കാർ ഈ പിഡിഎഫുകൾ സൗകര്യപൂർവ്വം വായിക്കുകയും തെറ്റുകൾ കാണുകയാണെങ്കിൽ ആ ഭാഗം ഹൈലൈറ്റ് ചെയ്തു "Sayahna Returns" എന്ന ഗ്രൂപ്പിലേയ്ക്കു പകർത്തുകയും ചെയുക. പ്രസാധകർ നല്കിയ പേജ്മേക്കർ സ്രോതസ്സിൽ നിന്നാണ് ഈ പിഡിഎഫുകൾ നിർമ്മിച്ചത്. പാഠത്തിന്റെ പരിവർത്തനത്തിൽ വരാവുന്ന ഒഴിവാക്കാനാവാത്ത ചുരുക്കം തെറ്റുകൾ മാത്രമേ കാണാനിടയുള്ളു.

Sayahna Returns എന്ന ഗ്രൂപ്പിൽ ചേരുവാനുള്ള ലിങ്ക്:

https://chat.whatsapp.com/J49mEuIJoA4LiL30yEPlRr

വായനക്കാരുടെ സഹകരണം അഭ്യർത്ഥിച്ചു കൊള്ളുന്നു.

(ആഗസ്റ്റ് 9 മുതൽ 15 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014